**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerla@gmail.com**

**0471-261307**

**DTETVM/3495/2025-D6 (PB)** തീയതി : **17-06-2025**

## ലേല പരസ്യം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതും വകുപ്പിന് ഉപയോഗയോഗ്യമല്ലാത്തതുമായ കെ.എൽ.-**01**-എവൈ-**5080** നമ്പർ **2010** മോഡൽ ഹീറോ ഹോണ്ട **CD DLX** എന്ന വാഹനം , **2025** ജൂൺ മാസം **20**-ന് പകൽ **11** മണിക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് **1000/-** രൂപ നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതുമാണ്. കൂടാതെ ടി വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് മുൻകൂട്ടി സീൽചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽമാർഗ്ഗമോ **2025** ജൂൺ മാസം **19**-ന് വൈകുന്നേരം **3** മണിക്ക് മുൻപായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിലെ തുകയ്ക്കുള്ള എതെങ്കിലും ദേശസാൽകൃതബാങ്കിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസ്, ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലം വിളിച്ച തുകയോ, ദർഘാസ് തുകയോ ഏതാണോ കൂടുതൽ, ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം വിൽപ്പന ബന്ധപ്പെട്ടയാളിന്റെ പേരിൽ നിശ്ചയിക്കുന്നതും, ടിയാൻ ഉടനെ ദർഘാസ്/ലേല തുകയുടെ പകുതിസംഖ്യ (നികുതിയുൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വെച്ച് അടക്കേണ്ടതും ബാക്കി തുക നികുതിയുൾപ്പെടെ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി **7** ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലം/ദർഘാസ് പ്രകാരം ലഭിച്ച വാഹനം നീക്കം ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം

കൊണ്ടയാൾ ഉത്തരവാദിയായിരിക്കും. പുനർലേലത്തിൽ മുൻ വിൽപ്പനയെക്കാൾ കൂടുതൽ തുക ലഭിച്ചാൽ ടിയാന് ആയതിന് യോതൊരുവിധ അവകാശവാദവും ഉണ്ടായിരിക്കുകയില്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വാഹനം ലേലത്തിന് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മുതൽ 4 വരെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ടെക്നിക്കൽ ഓഫീസറുടെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**JAYAPRAKASH P**

**DIRECTOR(INCHARGE)**

പകർപ്പ്,

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് (നോട്ടീസ് ബോർഡ്)
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് (വെബ്സൈറ്റ് മുഖാന്തിരം)
3. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

Signed by
Jayaprakash P
Date: 17-06-2025 13:05:36